# കാലവർഷക്കെടുതി - ചത്ത മൃഗങ്ങളെയും പക്ഷികളെയും മറവു ചെയ്യേണ്ട വിധം

**കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി,**

**പൂക്കോട്, വയനാട്, കേരള - 673576**

1. പക്ഷി-മൃഗാദികളുടെ ജഡം കണ്ടെത്തിയതിനു ശേഷം എത്രയും വേഗം തന്നെ അവയെ സംസ്കരിക്കേണ്ടതാണ്.

2. ജഡം അംഗീകൃത വെറ്ററിനറി ഡോക്ടറുടെ നേതൃത്വത്തിൽ തിരിച്ചറിയേണ്ടതാണ് (ഇയർ ടാഗ്, തിരിച്ചറിയാനുള്ള മറ്റ് അടയാളങ്ങൾ, പറ്റുമെങ്കിൽ ഒരു ഫോട്ടോ എടുത്ത് സൂക്ഷിക്കുക)

3. നഷ്ടപരിഹാരം ലഭിക്കുന്നതിനായി ഇയർ ടാഗ് ഉണ്ടെങ്കിൽ അത് സൂക്ഷിച്ചു വെക്കേണ്ടതാണ്. വിവരം ബന്ധപ്പെട്ട സ്ഥാപനങ്ങളെ/അധികാരികളെ അറിയിക്കേണ്ടതുമാണ്.

4. ജഡം കൈകാര്യം ചെയ്യുന്ന വ്യക്തികൾ സുരക്ഷാമാർഗങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇവർ കൈയുറകൾ, മുഖാവരണം, വെള്ളം കയറാത്ത ഗംബൂട്ടുകൾ തുടങ്ങിയവ ധരിച്ചിരിക്കണം.

5. നിലവിലെ സാഹചര്യത്തിൽ വെള്ളപ്പൊക്ക കെടുതിയിൽ മരണപ്പെട്ട പക്ഷിമൃഗാദികളുടെ ജഡം ആന്തരികപരിശോധനക്കായി തുറക്കാതിരിക്കുന്നതാണ് ഉത്തമം.

6. ജഡം മറവു ചെയ്യാനായി വിവിധ മാർഗങ്ങൾ അവലംബിക്കാവുന്നതാണ്. ഇതിൽ നിലവിലത്തെ സാഹചര്യത്തിൽ ഏറ്റവും പ്രായോഗികമായത് കുഴിച്ചു മൂടലാണ്. ജഡം സംസ്കരിക്കുന്നതിനായി കുഴിയെടുക്കുമ്പോൾ കിണർ, മറ്റു കുടിവെള്ളസ്രോതസ്സുകൾ എന്നിവയിൽ നിന്ന് 50 മീറ്റർ എങ്കിലും അകലം പാലിക്കേണ്ടതാണ്. ആവശ്യത്തിനു നീളവും വീതിയും ഉള്ള 6 അടി താഴ്ചയിൽ നിർമ്മിക്കുന്ന കുഴിയുടെ അടിത്തട്ട് ഭൂമിയുടെ പ്രാദേശിക ജലപീഠത്തിൽ (വാട്ടർ ടേബിൾ) നിന്നും കുറഞ്ഞത് 4 അടി എങ്കിലും ഉയരത്തിലായിരിക്കാൻ ശ്രദ്ധിക്കണം. പ്രദേശത്തിലെ മണ്ണിലെ നിലവിലത്തെ ജലവിതാനത്തിനനുസരിച്ച് കുഴിയുടെ താഴ്ച്ച ക്രമപ്പെടുത്തുന്നതാണുത്തമം. മണ്ണിൽ വെള്ളം ഊറി വരുന്നുണ്ടെങ്കിൽ അധികം താഴ്ചയിലേക്ക് കുഴിക്കുന്നത് പ്രയോഗികമാവില്ല. കുഴിയെടുത്ത ശേഷം അതിന്റെ താഴ്‌വശത്ത് മണ്ണ് മറയത്തക്ക വിധത്തിൽ കുമ്മായം വിതറുക. ശേഷം ജഡം കുഴിയിൽ വയ്ക്കുക. 5% സോഡിയം ഹൈഡ്രോക്സൈഡ്/കോസ്റ്റിക് സോഡ (ചവർക്കാരം) ജഡത്തിൽ എല്ലാ ഭാഗത്തും എത്തുന്ന രീതിയിൽ ആവശ്യമെങ്കിൽ തളിക്കാവുന്നതാണ്. അതിനു മുകളിലും ധാരാളമായും കുമ്മായമിട്ട് അതിനു മുകളിൽ മണ്ണിടുക. ഇത്തരത്തിൽ രണ്ടു തട്ടിൽ കുമ്മായവും മണ്ണും മേൽക്കുമേൽ ഇട്ടതിന് ശേഷം കുഴി മൂടുക. ജഡം കിടന്നിടത്തുള്ള മണ്ണും അതോടൊപ്പം കുഴിച്ചു മൂടുന്നതും അനിവാര്യമാണ്. കുഴിക്ക് മുകളിലേക്ക് നിരപ്പിൽ നിന്ന് ഏതാണ്ട് രണ്ടടി ഉയരത്തിൽ മണ്ണ് കൂന കൂട്ടി കുഴിമൂടൽ പൂർത്തിയാക്കുക. വന്യമൃഗങ്ങൾ, പട്ടികൾ, പക്ഷികൾ, തുടങ്ങിയവയുടെ സമ്പർക്കം ഒഴിവാക്കാനും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

7. മേൽപറഞ്ഞ രീതി തിരഞ്ഞെടുക്കുകയാണെങ്കിലും നിലവിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത് പൊതുവായ ഒരു സ്ഥലത്ത് കൂട്ടസംസ്കാരരീതിയും അവലംബിക്കാവുന്നതാണ്.

8. ദൂരയിടങ്ങളിലേക്ക് കൊണ്ടുപോകാനുള്ള പ്രായോഗിക ബുദ്ധിമുട്ട് മനസ്സിലാക്കി ജഡം കിടക്കുന്നതിനു അടുത്തുതന്നെ മറവു ചെയ്യുന്നതാണ് അഭികാമ്യം.

9. ജഡം സംസ്കരിച്ചതിനു ശേഷം ബന്ധപ്പെട്ട വ്യക്തികൾ കൈകാലുകൾ സോപ്പും, അണുനാശിനിയും ചെറുചൂടു വെള്ളവും ഉപയോഗിച്ച് വൃത്തിയായി കഴുകേണ്ടതാണ്.